(ബി) ഉണ്ട്. എത്രയും വേഗം പ്രസ്തുത തസ്തികകളിൽ നിയമനം നടത്താൻ നടപടിയെടുക്കണമെന്ന് ജില്ലാ കളക്ടർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ജി.ഒ. (പി) നം 30/95/ പി ആന്റ് എ.ആർ.ഡി. ഉത്തരവ് അനുസരിച്ച് ഓരോ വർഷവും 153 ഒഴിവുകൾ വികലാംഗർക്ക് വേണ്ടി സംവരണം ചെയ്തിരുന്നു. ഇതനുസരിച്ചുള്ള നിയമനം പൂർണ്ണമായും നടന്നിട്ടില്ല. നിയമനം പൂർണ്ണമായും നടത്താതിരുന്നത് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതു കൊണ്ടാണെന്ന് ചില ജില്ലാ കളക്ടർമാർ അറിയിച്ചിട്ടുണ്ട്. ടി പദ്ധതി 98-ൽ പുതുക്കി ക്ലാസ്സ് III ക്ലാസ് IV തസ്തികകളിലെ 3% സംവരണം വികലാംഗർക്ക് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞു.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

തിരുത്തൽ വരുത്തിയ ഉത്തരം

'വനോൽപ്പന്നങ്ങളുടെ സീനിയറേജ് റേറ്റ്'

2603 ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനോൽപ്പന്നങ്ങൾക്ക് സീനിയറേജ് റേറ്റ് നിശ്ചയിക്കുന്നത് എങ്ങനെയാണ് ;

(ബി) മണൽ, പാറ, തടി എന്നിവയ്ക്ക് എന്തുമാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് സീനിയറേജ് റേറ്റ് നിശ്ചയിക്കുന്നത് ;

(സി) ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് കേരളത്തിലെ വനങ്ങളിൽ ഏതെല്ലാം കടവുകളിൽനിന്ന് മണൽ വാരാൻ അനുമതി നൽകിയിട്ടുണ്ട് ;

(ഡി) ചോഴിയക്കോട്, ശങ്കിലിക്കടവ് എന്നിവിടങ്ങളിൽനിന്നും മണൽ വാരാൻ അനുവാദം നൽകിയത് സംബന്ധിച്ച് അഡ്വക്കേറ്റ് ജനറൽ നൽകിയ നിയമോപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) കേരള വനം നിയമത്തിലെ ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ് വനോൽപ്പന്നങ്ങളുടെ വിപണനം നടത്തുന്നത് ; ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(എഫ്) ചോഴിയക്കോട്, ശങ്കിലിക്കടവ് എന്നീ കടവുകളിൽനിന്നും ശേഖരിച്ച മണൽ എത്രയെന്ന് രേഖപ്പെടുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമാണ് ;

(ജി) പ്രസ്തുത കടവുകളിൽ നിന്നും ശേഖരിച്ച മണൽ അപേക്ഷയിൽ സൂചിപ്പിച്ചിരുന്ന കാര്യങ്ങൾക്കായിട്ടാണോ ഉപയോഗിപ്പെടുത്തിയിട്ടുള്ളത് എന്ന കാര്യം ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് അന്വേഷിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്താണ് ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) നൗഷാദ്ഖാനും കെ. സി. രവീന്ദ്രനും ഏതെല്ലാം കോൺട്രാക്ട് ജോലികൾ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ ചെയ്തിട്ടുണ്ട് ;

(ഐ) നൗഷാദ്ഖാനും കെ.സി. രവീന്ദ്രനും എത്ര ക്യൂബിക് മീറ്റർ മണൽ വീതം വാരുന്നതിനാണ് അപേക്ഷ നൽകിയത് ; അപേക്ഷയുടെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ ?

ഉത്തരം

(എ) ഉത്തരം നൽകിക്കഴിഞ്ഞു.

(ബി) ഉത്തരം നൽകിക്കഴിഞ്ഞു.

(സി) ഉത്തരം നൽകിക്കഴിഞ്ഞു.

(ഡി) ഉത്തരം നൽകിക്കഴിഞ്ഞു.

(ഇ) ഉത്തരം നൽകിക്കഴിഞ്ഞു.

(എഫ്) 1. ശ്രീ. കെ.സി. ചാക്കോ, ഫോറസ്റ്റർ

2. ശ്രീ. എസ്. ഗോപിനാഥൻ, ഫോറസ്റ്റർ

3. ശ്രീ. കെ. എസ്. ശശിധരൻ നായർ, ഫോറസ്റ്റർ

4. ശ്രീ. ജെ. വിജയരംഗൻ, ഫോറസ്റ്റ് ഗാർഡ്

5. ശ്രീ. എസ്. മോഹനകുമാർ, ഫോറസ്റ്റ് ഗാർഡ്

6. ശ്രീ. എസ്. വിശ്വംഭരൻ, ഫോറസ്റ്റ് ഗാർഡ്

7. ശ്രീ. ആർ. ശിവശങ്കരൻ നായർ, ഫോറസ്റ്റ് ഗാർഡ്

8. ശ്രീ. ജി. നാരായണൻ നായർ, ഫോറസ്റ്റ് ഗാർഡ്.

9. ശ്രീ. ഇ. ബി. ചന്ദ്രബാനു, ഫോറസ്റ്റ് ഗാർഡ്.

(ജി) ഉത്തരം നൽകിക്കഴിഞ്ഞു.

(എച്ച്) ഉത്തരം നൽകിക്കഴിഞ്ഞു.

(ഐ) നൗഷാദ്ഖാൻ 5,000 ക്യൂബിക് മീറ്റർ, മണൽ ചോഴിയക്കോട് കടവിൽ നിന്നും വാരുന്നതിനും ശ്രീ. കെ.സി. രവീന്ദ്രൻ 12,000 ക്യൂ. മീറ്റർ മണൽ ശങ്കിലി കടവിൽ നിന്നും വാരുന്നതിനുമാണ് അപേക്ഷിച്ചിരുന്നത്. അപേക്ഷകളുടെ പകർപ്പ് മേശപ്പുറത്തു വയ്ക്കുന്നു.

താഴെപ്പറയുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങൾ : 1560, 1571, 1577, 1578, 1580, 1581, 1582, 1590, 1591, 1623, 1624, 1637, 1645, 1647, 1669

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly